# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.197

## 05-02-2018 ൽ മറുപടിക്ക്

## കിഫ്‌ബിയിലേക്കുള്ള ധനസമാഹരണം

| ചോദ്യം<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നൂതന സംരംഭമായ കിഫ്‌ബിയുടെ പ്രധാന സ്രോതസ്സായ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പ്രതീക്ഷിച്ചതുപോലെ പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ; | 2017-18 ലെ ബഡ്‌ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്‌ബിയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺ ലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമ സഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി ചിട്ടിയുടെ സന്ദേശം അവരുടെ ഗൃഹങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രവാസികൾക്ക് തുടങ്ങാൻ പോകുന്ന വിവിധങ്ങളായ ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമായുള്ള വെബ് സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റു അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ് വെയർ നിർമ്മാണം അന്തിമ ഘട്ടത്തിലും, പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമായിക്കൊണ്ടിരിക്കുകയുമാണ്. ഈ സാമ്പത്തിക വർഷാവസാനത്തോടെ ചിട്ടി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| (ബി) കെ.എസ്.എഫ്.ഇ. യുടെ ഇടപാട് ഒരു ലക്ഷം കോടി രൂപയായി ഉയർത്തുമെന്ന ലക്ഷ്യം നേടാനായി ഏർപ്പെടുത്തിയ വിപുലീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | പ്രവാസിചിട്ടിയുടെ അവതരണത്തിനൊപ്പം തന്നെ നിവാസിച്ചിട്ടികളിലും വലിയ ബിസിനസ്സ് കുതിപ്പ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. പുതുതായി ആരംഭിച്ച നറുക്ക് ലേലച്ചിട്ടികളുടെ അവതരണങ്ങളും പൊന്നോണ ചിട്ടി പോലുള്ള ബ്രാന്റഡ് ചിട്ടികളുടെ അവതരണവും അതിനെ വൻതോതിൽ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഭവന വായ്പയിലും മറ്റും ഇപ്പോൾ തന്നെ വലിയ പുരോഗതി ദർശിക്കാൻ കഴിയുന്നുണ്ട്. സ്വർണ്ണ വായ് പ കൂടുതൽ ആകർഷകമാക്കി അവതരിപ്പിക്കുന്നതോടെ അതും അതുപോലെ മറ്റ് വായ്പാ പദ്ധതികളും വലിയ നിലയിൽ വികസിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവാസി ചിട്ടിയുടെ അവതരണം, പരിഷ്കരിച്ച നിവാസി ചിട്ടി, ആകർഷകമായ വായ്പാ നിക്ഷേപ പദ്ധതികൾ എന്നിവയിലൂടെ അടുത്ത മൂന്ന് വർഷക്കാലം കൊണ്ട് ഈ ലക്ഷ്യം നേടാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നത്. |
| (സി) കിഫ്ബിയിലേക്കുള്ള ധനസമാഹരണത്തിന് മസാല ബോണ്ട്, വിദേശ നിക്ഷേപം തുടങ്ങിയവ എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | വിദേശ നിക്ഷേപത്തിലൂടെയുള്ള ധന സമാഹരണത്തിൻറെ ഭാഗമായി സിംഗപ്പൂർ, യു.കെ എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനാണ് കിഫ്ബി ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ബന്ധപ്പെട്ട അന്തർദേശീയ റേറ്റിംഗ് ഏജൻസികളുടേയും, മർച്ചന്റ് ബാങ്കുകളുടേയും പ്രതിനിധികളുമായുള്ള ചർച്ചകൾ നടന്നുവരുന്നു. സാധ്യമായ മറ്റ് മാർഗ്ഗങ്ങളിലൂടെ ആദായകരമായ വിദേശ നിക്ഷേപം സമാഹരിക്കുന്ന കാര്യങ്ങളും ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ